# കാതോലിക്കോസ് ബസേലിയോസ്
# തോമസ് അക്കാദമി ഓഫ് എക്സലൻസ്

യാക്കോബായ സുറിയാനി സഭയിലെ വളർന്നു വരുന്ന തലമുറയെ പരി. സഭയ്ക്കും സമൂഹത്തിനും കൂടുതൽ പ്രയോജനപ്പെടുന്ന നിലയിൽ വളർത്തിയെടുക്കുന്നതിന് എം.ജെ.എസ്.എസ്.എ.യുടെ ഉടമസ്ഥതയിൽ കാതോലിക്കോസ് ബസേലിയോസ് തോമസ് അക്കാദമി ഓഫ് എക്സലൻസ് എന്ന സ്ഥാപനം തുടങ്ങാൻ അസോസിയേഷൻ സെൻട്രൽ കമ്മിറ്റി തീരുമാനിച്ചു. സമർത്ഥരായ കുട്ടികളിൽ ദിശാബോധം വളർത്തി നല്ല പരിശീലനം നൽകി സമൂഹത്തിന്റെ മേൽത്തട്ടിലേക്ക് ഉയർത്തികൊണ്ട് വരികയാണ് ലക്ഷ്യം. സമുദായാംഗങ്ങളായ കുട്ടികളെ രാഷ്ട്രത്തിന്റെ ഉന്നത ശ്രേണിയിലെത്തിക്കുന്നതിനാണ് മുൻതൂക്കം നൽകുന്നത്. ഇത് ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സെൻട്രൽകമ്മിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. തുടക്കത്തിൽ താഴെ കൊടുത്തിരിക്കുന്ന കോഴ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

**1. അഖിലേന്ത്യാതലത്തിൽ നടക്കുന്ന സിവിൽസർവ്വീസ് പരീക്ഷയ്ക്ക് കുട്ടികളെ സജ്ജമാക്കുന്ന കോഴ്സ്**

1. 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സിവിൽസർവ്വീസിന്റെ ആകർഷണത്വവും അത് നേടിയെടുക്കുന്നതിന് പിന്തുടരേണ്ട പഠന രീതിയും പരിശീലനക്രമവും വിശദീകരിക്കുന്ന ഒരാഴ്ചത്തെ കോഴ്സ്.

2. ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിൽ പഠിക്കുന്നവർക്കും, പഠനം പൂർത്തിയാക്കിയവർക്കും ഒരു പ്രത്യേകബാച്ച് ഉണ്ടായിരിക്കും.

അപേക്ഷ അയക്കുന്നത് മുതൽ ഫൈനൽ ഇന്റർവ്യു വരെയുള്ള കാര്യങ്ങൾ, പ്രിലിമിനറി ഫൈനൽ എഴുത്തു പരീക്ഷകളിൽ പഠിക്കേണ്ട വിഷയങ്ങൾ, പുസ്തകങ്ങൾ സംബന്ധിച്ചും വിശദീകരണം നൽകും.

പ്രിലിമിനറി പരീക്ഷ വിജയിക്കുന്ന കുട്ടികൾക്ക് ഫൈനൽ പരീക്ഷയ്ക്ക് വിദഗ്ദ പരിശീലനം ലഭിക്കുന്നതിന് സ്കോളർഷിപ്പും സ്പോൺസർഷിപ്പും നൽകും.

കഠിനാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ള പഠനമികവുള്ള കുട്ടികൾക്കാണ് കോഴ്സ് ക്രമീകരിക്കുന്നത്. ജെ.എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിൽ ആദ്യത്തെ പത്തു റാങ്കു ലഭിച്ചിട്ടുള്ള കുട്ടികൾക്ക് 25% ഫീസിളവു അനുവദിക്കും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും അദ്ധ്യാപകർക്കും ഹെഡ്മാസ്റ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫീസനാനുകൂല്യത്തിനർഹതയുണ്ടായിരിക്കും. 10 കുട്ടികൾക്കാണ് ഫീസാനുകൂല്യം നൽകുന്നത്. ഒരാഴ്ചത്തെ കോഴ്സിന് 1000/ ക യാണ് ഫീസ്. ഒരു ബാച്ചിൽ പരമാവധി 50 പേർക്കാണ് പ്രവേശനം നൽകുക.

**2. പി.എസ്.സി., എസ്.എസ്.സി, ഐ.ബി.പി.എസ്. മുതലായ പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം**

ജോലികൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്ന കോഴ്സിൽ കണക്ക്, ഇംഗ്ലീഷ്, സയൻസ്, റീസണിംഗ്, ജനറൽ നോളഡ്ജ്, കറന്റ് അഫയേഴ്സ്, ഇന്റർവ്യു സ്കിൽ എന്നിവയിലാണ് പഠനം ക്രമീകരിച്ചിട്ടുള്ളത്. ഫീസാനുകൂല്യം മുകളിൽ എഴുതിയിരിക്കുന്നതു പോലെ നൽകും. ഒരു നിശ്ചിത ശതമാനം സീറ്റുകളിൽ ഇതര സമുദായാംഗങ്ങളെ പരിഗണിക്കും. 3000/- കയാണ് കോഴ്സ് ഫീസ്. ഒരു ബാച്ചിൽ 50 പേരെയാണ് പ്രവേശിപ്പിക്കുന്നത്.

മികവു തെളിയിച്ച പരിശീലകരാണ് കോഴ്സിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ഡോ. കെ.പി.ഔസേപ്പ് (IFS) കോഴ്സ് ഡയറക്ടറായി പ്രവർത്തിക്കും.

ഏപ്രിൽ ആദ്യവാരത്തിൽ കോഴ്സ് ആരംഭിക്കും. കോഴ്സിൽ ചേരാൻ താല്പര്യമുള്ളവർ താഴെകാണുന്ന ബയോഡേറ്റ ഫോർമാറ്റിൽ , കോഴ്സ് കോഓർഡിനേറ്റർ. എം.ജെ.എസ്.എസ്.എ. ഹെഡ്ക്വാർട്ടേഴ്സ്, പുത്തൻകുരിശ്, 682308 എന്ന വിലാസത്തിൽ മാർച്ച് 31 നം ലഭിച്ചിരിക്കത്തക്കവിധം അയച്ചിരിക്കണം. mjssahq@gmail.com എന്ന ഈമെയിലിലും അയക്കാം.

Name & Address ...........................................................................................................
Church /Sunday School/ Class Studied...........................................................................................
Mobile No; Email id ...........................................................................................................
Qualification ...........................................................................................................
Marks Secured in Last Exam ...........................................................................................
Course Proposed to Join ...........................................................................................
Post Applied if any ...........................................................................................................
Whether Preparing for any exam ...........................................................................................
If Yes Exam Date ...........................................................................................................

Chev. M.J.Markose
General Secretary MJSSA